**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.സി4/21081/2014/എച്ച്.എസ്.ഇ തീയതി : 18.07.2014

# സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - ഏകജാലക അഡ്മിഷൻ അനധികൃത പിരിവ് സംബന്ധിച്ച് -

സൂചന : 1 27.05.2014 തീയതിയിലെ ശ്രീ.മണിക്കുട്ടന്റെ പരാതി

2 25.06.2007 തീയതിയിലെ സ.ഉ(കയ്യെഴുത്ത്) നമ്പർ 126/2007/പൊ.വി.വ നമ്പർ പി.ടി.എ മാർഗ്ഗനിർദ്ദേശങ്ങൾ

ഹയർസെക്കന്ററി ഏകജാലക അഡ്മിഷൻ ലഭിക്കുന്ന കുട്ടികളുടെ രക്ഷിതാക്കളിൽ നിന്ന് പി.ടി.എ ഫണ്ട് 500/- രൂപ കൂടാതെ ബിൽഡിംഗ് ഫണ്ട്, സ്കൂൾ വികസന ഫണ്ട്, സ്കൂൾ വെൽഫയർ ഫണ്ട്, മിസലേനിയസ് ഫണ്ട് തുടങ്ങി അനധികൃത പിരിവുകൾ നടത്തുന്നതായി സൂചന (1) പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്ലസ് വൺ അഡ്മിഷനോട് അനുബന്ധിച്ച് സർക്കാർ നിയമപ്രകാരം നിർദ്ദേശിച്ച ഫീസും പി.ടി.എ ഫണ്ടും (അംഗത്വ ഫീസ് 100/- രൂപ, സ്കൂളിലെ നടപ്പ് അക്കാഡമിക വർഷത്തെ പ്രത്യേകം നിർവ്വചിക്കപ്പെട്ടിട്ടുള്ള അക്കാഡമിക ആവശ്യങ്ങൾക്കായി പരമാവധി രൂപ 400/-) കൂടാതെ അനധികൃത സംഭാവനകൾ സ്വീകരിക്കുന്നത് സൂചന (2) സർക്കാർ ഉത്തരവിന്റെ ലംഘനമാകയാൽ ആയത് കർശനമായ അച്ചടക്ക നടപടികൾക്ക് കാരണമാകുന്നതാണ്.

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
ഡയറക്ടർക്കുവേണ്ടി

എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾമാർക്കും

23/Jay/18.07.14